**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2006 ജൂൺ 19, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു.)

1 (*1 & *16) പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിനായി റേഷൻ മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ അലോട്ട്മെന്റ് മുമ്പുണ്ടായിരുന്ന അളവിൽ പുന:സ്ഥാപിച്ചു കിട്ടുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നുണ്ടെന്നും റേഷൻകടകളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. ഗോതമ്പ് ആവശ്യാനുസരണം ആട്ടയാക്കി വിതരണം ചെയ്യുന്നതിനുള്ള സാദ്ധ്യതകൾ ആലോചിച്ചുവരികയാണ്. റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉയർത്തിയും വിതരണം മെച്ചപ്പെടുത്തിയും കൂടുതൽ പേരെ

റേഷൻകടകളിലേയ്ക്ക് എത്തിക്കുവാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. റേഷൻ വ്യാപാരികൾക്ക് ലഭിക്കേണ്ടതായ കൈകാര്യ ചെലവ്, കടത്തുകൂലി, മറ്റ് ചെലവുകൾ എന്നിവ അപ്പപ്പോൾ വിതരണം ചെയ്ത് അവരുടെ പൂർണ്ണമായ സഹകരണവും ഉത്തരവാദിത്വവും ഉറപ്പാക്കുന്നതാണ്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. നിലവിലുണ്ടായിരുന്ന ഭക്ഷ്യോപദേശക സമിതികൾ ജില്ലാ, നഗരസഭ, പഞ്ചായത്ത്, താലൂക്ക് തലങ്ങളിൽ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയവയ്ക്ക് പുറമേ റേഷൻകടകൾവഴി മറ്റ് നിത്യോപയോഗ സാധനങ്ങൾകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെടുത്തിയാൽ പരിശോധിച്ച് ആവശ്യമായ നടപടികൾ എടുക്കും. ഇടനിലക്കാരെ ഒഴിവാക്കി നിത്യോപയോഗ സാധനങ്ങൾ ഉല്പാദന കേന്ദ്രത്തിൽനിന്ന് നേരിട്ട് സംഭരിച്ച് വിതരണം ചെയ്യാൻ ഗവൺമെന്റ് ശ്രമിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റെ 23.5.2006–ലെ കത്തു പ്രകാരം പൊതുവിതരണത്തിനുള്ള എ.പി.എൽ. ഗോതമ്പിന്റെ അളവ് പ്രതിമാസം 37325 മെട്രിക് ടണ്ണിൽനിന്നും 11777 മെട്രിക് ടണ്ണായും ബി.പി.എൽ–ന്റേത് 8865 മെട്രിക് ടണ്ണിൽനിന്നും 7336 മെട്രിക് ടണ്ണായും വെട്ടിക്കുറച്ച നടപടി പിൻവലിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ഭക്ഷ്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേരളത്തിലെ എം.പി.മാർ ഉൾപ്പെടെ കേന്ദ്ര ഗവൺമെന്റിന് നിവേദനം നൽകുന്ന കാര്യവും സജീവമായി പരിഗണിച്ചുവരുന്നു. സംസ്ഥാനത്ത് ബി.പി.എൽ., എ.പി.എൽ. വിഭാഗങ്ങളിലായി മൊത്തം

6,040,000 കാർഡുകളാണുള്ളത്. 1994–ൽ ഗ്രാമവികസന വകുപ്പ് തയ്യാറാക്കിയ ബി.പി.എൽ., എ.പി.എൽ. നിർണ്ണയത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലാത്തതിനാൽ ഒരു പുതിയ കമ്മിഷനെ നിയമിച്ച് സർവ്വേ നടത്തി യഥാർത്ഥ അവകാശികളെ കണ്ടെത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്നും 2007–ൽ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യുമ്പോൾ ഇതു സംബന്ധിച്ച പരാതികൾക്ക് പരിഹാരം ഉണ്ടാകുന്നതാണെന്നും മന്ത്രി പറഞ്ഞു. കേന്ദ്ര ഗവൺമെന്റ് 9 ലക്ഷം കുടുംബങ്ങളെ മാത്രമേ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തി യിട്ടുള്ളൂവെങ്കിലും സംസ്ഥാന ഗവൺമെന്റ് 16 ലക്ഷം കുടുംബങ്ങളെ ലിസ്റ്റിൽപ്പെടുത്തി സഹായം നൽകുന്നതുവഴി പ്രതിമാസം 12 കോടി രൂപയുടെ ബാധ്യത ഉണ്ടാകുന്നുണ്ട്. ഓണക്കാലത്ത് ബി.പി.എൽ. കാർഡുടമകൾക്ക് സപ്ളൈകോയുടെ ഔട്ട്ലെറ്റുകൾ വഴിയും ശബരി സ്റ്റോറുകളായി തെരഞ്ഞെടുത്ത റേഷൻ കടകൾ വഴിയും സൗജന്യമായി ഓണക്കിറ്റ് വിതരണം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. തഹസിൽദാർമാരുടേയും റവന്യൂ ഉദ്യോഗസ്ഥ രുടേയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രളയബാധിത പ്രദേശങ്ങളിൽ പ്രത്യേകിച്ച് തീരദേശമേഖല, ആദിവാസി കോളനികൾ, ദീർഘകാലമായി അടഞ്ഞുകിടക്കുന്ന തോട്ടം മേഖല എന്നിവിടങ്ങളിൽ സൗജന്യറേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. സൗജന്യ റേഷൻ കുടിശ്ശിക ഫണ്ട് അലോട്ട് ചെയ്തിട്ടുള്ളതിനാൽ ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് റേഷൻ കടകൾക്ക് വിതരണം ചെയ്യുന്നതിന് സത്വരനടപടികൾ സ്വീകരിച്ചുവരികയാണ്. അരി, ഗോതമ്പ് എന്നിവ എഫ്.സി.ഐ. ഗോഡൗണുകളിൽനിന്നും എത്തുന്നതിലെ കാലതാമസം പരിഹരിക്കുന്ന

കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആലോചിച്ചുവരികയാണ്. ഗോതമ്പ് ഫ്ളവർ മില്ലുകളിലേയ്ക്ക് രഹസ്യമായി കടത്തിക്കൊണ്ടുപോകുന്നത് പരിപൂർണ്ണമായി തടയുന്നതിന് പോലീസ്, സിവിൽ സപ്ളൈസ് (വിജിലൻസ്) ഉദ്യോഗസ്ഥരുടെ സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരികയാണ്. അന്ത്യോദയ-അന്നയോജന സ്കീമിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ സംസ്ഥാന ഗവൺമെന്റ് താമസംവിനാ സമർപ്പിക്കുന്നതാണ്. പൊതുവിതരണ സമ്പ്രദായത്തിലെ ക്രമക്കേടുകൾ പരിഹരിക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുന്ന താണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി അറിയിച്ചു.

2(*2 & *13) <u>അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ പദ്ധതി</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജന ക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ.എം. വിജയകുമാർ) നൽകിയ മറുപടിയിൽ, വിഴിഞ്ഞത്ത് അന്താരാഷ്ട്ര ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തുറമുഖ വികസനത്തിനായി മുൻ സർക്കാരിന്റെ കാലത്ത് ആവിഷ്ക്കരിച്ച പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി അയച്ചിരിക്കുക യാണെന്നും അദ്ദേഹം പറഞ്ഞു. തുറമുഖ പദ്ധതി നടപ്പിലാക്കുന്നതിന് കേരള സർക്കാർ ആഗോള ടെണ്ടർ ക്ഷണിക്കുകയും രണ്ട് ചൈനീസ് കമ്പനികളും ഒരു ഇന്ത്യൻ കമ്പനിയും അടങ്ങിയ കൺസോർഷ്യത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മൂന്നു ഘട്ടങ്ങളിലായി 4360 കോടി രൂപ. അടങ്കൽ തുക (ഒന്നാം ഘട്ടം 1850 കോടി രൂപ, രണ്ടാം ഘട്ടം 990 കോടി

രൂപ, മൂന്നാം ഘട്ടം 1520 കോടി രൂപ) പ്രതീക്ഷിക്കുന്നു. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ 10 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ബി.ഒ.ടി. അടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 5 കി.മീ. നീളത്തിൽ രണ്ട് പുലിമുട്ടുകൾ (പ്രധാന പുലിമുട്ടും ഉപ പുലിമുട്ടും); തുറമുഖ സൗകര്യങ്ങൾ ഒരുക്കുന്നതിനായി കടൽ നികത്തി എടുക്കുന്ന ഏകദേശം 400 ഏക്കർ സ്ഥലം; കണ്ടെയ്നർ കപ്പലുകൾക്കായുള്ള 10 ബർത്തുകൾ; കാർഗോ മുതലായവ കൈകാര്യം ചെയ്യുന്നതിന് രണ്ട് ബർത്തുകൾ; എന്നിവ കൂടാതെ 80 കോടിയോളം രൂപ ചെലവു വരുന്ന ബാഹ്യ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽവേലൈൻ, വൈദ്യുതി, ശുദ്ധജല വിതരണം എന്നിവയാണ് തുറമുഖ പദ്ധതിക്ക് രൂപരേഖ പ്രകാരം പ്രധാന അടിസ്ഥാന സൗകര്യങ്ങളായി വിഭാവനം ചെയ്തിട്ടുള്ളത്. കണ്ടെയ്നർ ചരക്ക് ഗതാഗതം വലിയ തോതിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ആഴക്കടൽ ട്രാൻസ്ഷിപ്മെന്റ് സൗകര്യം ഇല്ലാത്തതുകൊണ്ട് ഇൻഡ്യയിൽ 70 ശതമാനം ചരക്ക് കൈമാറ്റവും നിർവ്വഹിക്കുന്നത് കൊളംബോ, സിംഗപ്പൂർ, ദുബായ്, അൽസലാല തുറമുഖങ്ങളിലാണ്. ഇൻഡ്യയ്ക്ക് ഈയിനത്തിൽ ഒരു വർഷം 1000 കോടി രൂപയുടെ വിദേശനാണ്യ നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

3(*4) കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് പദ്ധതികൾ

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജന ക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സാമ്പത്തിക

പരിമിതിക്കുള്ളിൽനിന്നുകൊണ്ട് താഴെപ്പറയുന്ന പദ്ധതികളിലൂടെ കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ടെന്നറിയിച്ചു.

1. കായിക താരങ്ങളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മിനി ഗെയിംസ്, റൂറൽ സ്പോർട്സ് മീറ്റ്, വിമെൻ സ്പോർട്സ് മീറ്റ്, കോളേജ് ഗെയിംസ്, മാരത്തോൺ മത്സരം എന്നിവ സ്പോർട്സ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റും ക്യാഷ് അവാർഡും നൽകി വരുന്നു
2. സമ്മർകോച്ചിംഗ് ക്യാമ്പുകളിലൂടെ കണ്ടെത്തുന്ന കായിക പ്രതിഭകൾക്ക് സ്പോർട്സ് അതോറിറ്റിയിലെ വിദഗ്ദ്ധരായ പരിശീലകർ പരിശീലനം നൽകി വരുന്നു;
3. അതോറിറ്റിയുടെ കീഴിൽ സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾ, സ്പോർട്സ് അക്കാഡമികൾ, സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റലുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്. സ്പോർട്സിൽ പ്രാവീണ്യമുള്ള കുട്ടികളെ കണ്ടെത്തുന്നതിനും അവർക്ക് കൂടുതൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും ഇത്തരം ഹോസ്റ്റലുകളുടെ പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നുണ്ട്;
4. കേരളാസ്റ്റേറ്റ് സ്പോർട്സ് അതോറിറ്റിയുടെ കീഴിൽ 19 സ്പോർട്സ് സ്കൂൾ ഹോസ്റ്റലുകളും 30 കോളേജ് ഹോസ്റ്റലുകളും 9 സെൻട്രലൈസ്ഡ് ഹോസ്റ്റലുകളും മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രവർത്തിച്ചുവരുന്നു;

5. എസ്.എസ്.എൽ.സി, പ്ലസ് ടു തുടങ്ങിയ കോഴ്സുകൾക്ക് ഗ്രേസ് മാർക്ക് നൽകി വരുന്നു;

6. കോളേജ്, സർവ്വകലാശാല തലത്തിലുള്ള വിജയികൾക്ക് സർവ്വകലാശാലകൾ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്;

7. പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള കോഴ്സുകൾക്കും ഐ.ടി.ഐ, പോളിടെക്നിക്ക്, ടി.ടി.സി., ജെ.ഡി.സി,എൽ.എൽ.ബി.,എം.എ.,എം.എസ്.സി., എം.കോം തുടങ്ങിയ കോഴ്സുകൾക്കും കായികതാരങ്ങൾക്കായി സീറ്റ് സംവരണം ചെയ്തിട്ടുണ്ട്:

8. ഗ്രാമപ്രദേശങ്ങളിലെ കായിക തൽപ്പരരായ കുട്ടികൾക്ക് പരിശീലനം നൽകുന്നതിനും അവർക്ക് സ്പോർട്സിൽ അഭിരുചി വളർത്തുന്നതിനുമായി അതാത് പ്രദേശങ്ങളിലെ പ്രചാരമുള്ള കളികൾക്ക് പ്രാധാന്യം നൽകി റൂറൽ കോച്ചിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു;

9. മേഖലാ മത്സരങ്ങളിലും ദേശീയ മത്സരങ്ങളിലും പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് ബന്ധപ്പെട്ട അസോസിയേഷനുകൾ മുഖേന യാത്രാബത്ത, ദിനബത്ത, യൂണിഫോം, ട്രാക്ക്സ്യൂട്ട് എന്നിവ നൽകി വരുന്നു. അന്തർദേശീയ മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്ന ജോലിയില്ലാത്ത കായികതാരങ്ങൾക്ക് ആകെ ചെലവിന്റെ അമ്പത് ശതമാനവും ജോലിയുള്ളവർക്ക് കിറ്റ് അലവൻസും നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന

കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഗ്രാന്റ് നൽകി വരുന്നുണ്ട്.;

10. എല്ലാ വർഷവും മികച്ച 20 കായിക താരങ്ങൾക്ക് സർക്കാർ സർവീസിൽ വ്യവസ്ഥാപിതമായ മാനദണ്ഡ പ്രകാരം ജോലി നൽകാൻ വ്യവസ്ഥയുണ്ട്. കൂടാതെ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലും കായിക താരങ്ങൾക്ക് ജോലിക്ക് ഏറെ സാദ്ധ്യതകളുണ്ട്;

11. കായിക താരങ്ങൾക്ക് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനുള്ള യാത്രാചെലവ്, അത്യാവശ്യ സന്ദർഭങ്ങളിൽ ചികിത്സയ്ക്കു വേണ്ടതായ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്. കൂടാതെ കായിക നേട്ടങ്ങൾ കൈവരിക്കുന്ന താരങ്ങൾക്കു പ്രത്യേക ഉത്തരവുകൾ പ്രകാരം ധനസഹായവും നൽകി വരുന്നുണ്ട്.

4(*14) <u>വിവരാവകാശ നിയമം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ</u>

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, 2005-ലെ വിവരാവകാശ നിയമം സംബന്ധിച്ച കേന്ദ്ര ചട്ടത്തിന്റെ അടിസ്ഥാനത്തിൽ 10-10-2006-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം ആസ്ഥാനമാക്കി സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടിണ്ടെന്നറിയിച്ചു. മുൻ ചീഫ് സെക്രട്ടറി ശ്രീ. പാലാട്ട് മോഹൻദാസിനെ ചീഫ് ഇൻഫർമേഷൻ കമ്മീഷണറായും, സർവ്വശ്രീ വി.വി.ഗിരി, പി.ഫസിലുദ്ദീൻ, പി.എൻ. വിജയകുമാർ എന്നിവരെ ഇൻഫർമേഷൻ കമ്മിഷണർമാരായും നിയമിച്ചു. സർക്കാർ

ഉടമസ്ഥതയിലുള്ളതും, നിയന്ത്രണത്തിലുള്ളതും നേരിട്ടോ അല്ലാതെയോ സർക്കാർ ധനസഹായം നൽകുന്നതുമായ എല്ലാ സ്ഥാപനങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരും. പ്രസ്തുത സ്ഥാപനങ്ങളിലെല്ലാം പൊതുജനങ്ങളുടെ അപേക്ഷ സ്വീകരിക്കുന്നതിന്, അസിസ്റ്റന്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർമാരേയും അവർ എടുക്കുന്ന തീരുമാനത്തിനെതിരെയുള്ള അപ്പീൽ പരിഗണിക്കുന്നതിന് അപ്പലേറ്റ് അതോറിറ്റിയേയും സ്ഥാന നിർണ്ണയം ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകുന്നതിന് നിശ്ചിത ഫീസ് ഈടാക്കാമെന്ന കേന്ദ്ര നിയമവ്യവസ്ഥ അനുസരിച്ച് ഫീസ് നിരക്കുകളും അവ ഈടാക്കേണ്ടുന്ന രീതിയും വ്യവസ്ഥ ചെയ്തുകൊണ്ട് പ്രത്യേക ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിയമത്തിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകളും സർക്കുലറുകളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പൊതുജനങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ നിരസിക്കുന്ന സാഹചര്യത്തിൽ അതിനെതിരെ കമ്മീഷന് അപ്പീൽ സമർപ്പിക്കാനുള്ള ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിവരങ്ങൾ നൽകാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് ഐ.എം.ജി.യുടെ ആഭിമുഖ്യത്തിൽ ഈ നിയമത്തെ സംബന്ധിച്ച സമഗ്രമായ പരിശീലനവും നൽകിവരുന്നുണ്ട്. നിയമത്തെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കാൻ ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ പഞ്ചായത്ത്-താലൂക്ക്- ജില്ലാ തലങ്ങളിൽ സെമിനാറുകൾ നടത്തുകയും മലയാളത്തിലുള്ള പ്രസിദ്ധീകരണങ്ങളിലൂടെയും സർക്കാർ വെബ്സൈറ്റ് ഉൾപ്പെടെയുള്ള മാദ്ധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചരണം നടത്തുകയും ചെയ്യുന്നുണ്ട്.

വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾക്ക് നൽകാൻ കഴിയുന്ന രേഖകൾ അപേക്ഷ ലഭിച്ച തീയതി മുതൽ 30 ദിവസത്തിനകം നൽകണമെന്ന് നിലവിലുള്ള ചട്ടത്തിൽത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വ്യക്തിയുടെ ജീവൻ, സ്വാതന്ത്ര്യം എന്നിവയുമായി ബന്ധപ്പെട്ട കേസുകളിൽ ഈ സമയപരിധി 48 മണിക്കൂറായി നിശ്ചയിച്ചിട്ടുണ്ട്.

5(*21) ഐ.ടി. മേഖലയുടെ വികസനം

മുഖ്യമന്ത്രി നൽകിയ ഉത്തരത്തിൽ, ഐ.ടി. രംഗത്തെ പ്രമുഖ കമ്പനികളായ Wipro, TCS, IBS,i-flex, Patni Computers, CTS, Ernst&Young, Sun-Tec എന്നിവരും ഐ.ടി. അടിസ്ഥാന സൗകര്യ നിർമ്മാതാക്കളായ Larson & Tubro,Leela Group,Rahejas എന്നിവരും ഐ.ടി. രംഗത്ത് നിക്ഷേപം നടത്തുവാൻ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചു.

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

1 (25) തലസ്ഥാന വികസനത്തിനുള്ള പദ്ധതികൾ

സംസ്ഥാന തലസ്ഥാനത്തിന്റെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

1. നഗര റോഡു വികസന പദ്ധതി.
2. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ വെള്ളം എത്തിക്കുന്ന പദ്ധതി.
3. വിഴിഞ്ഞം തുറമുഖ വികസനം
4. പാർവ്വതി പുത്തനാറിന്റെ വികസനം
5. വേളി–ആക്കുളം തടാക വികസനം

6. ഇൻറർ നാഷണൽ കൺവെൻഷൻ സെന്റർ കോംപ്ളക്സ് പദ്ധതി

7. ഖരമാലിന്യ സംസ്ക്കരണം

8. 23.5 കി.മീ. നാലു റോഡുകളിലായി തെരുവ് വിളക്കുകൾ സ്ഥാപിക്കാനുള്ള പദ്ധതി.

9. തിരുവനന്തപുരം ബസ് ടെർമിനൽ പ്രോജക്ട്.

10. ടാഗോർ സാംസ്കാരിക കേന്ദ്രത്തിന്റെ വികസനം

11. ശംഖുംമുഖം കൊട്ടാരം

12 പുത്തരിക്കണ്ടം മൈതാന വികസനം

13. വിഷൻ ഡോക്കുമെന്റ് 2033

14. കരമന–കിള്ളി നദികളുടേയും ഉള്ളൂർ തോടിന്റേയും സൗന്ദര്യവൽക്കരണവും വെള്ളപ്പൊക്കനിവാരണവും.

15. പഴവങ്ങാടി തമ്പാനൂർ പ്രദേശത്തെ വെള്ളപ്പൊക്ക നിവാരണം

16. കോവളത്തിന്റെ അടിസ്ഥാന വികസന പദ്ധതി

17. അമ്പലമുക്ക്–പരുത്തിപ്പാറ റോഡു വികസനം

18. ഇടവക്കോടുമുതൽ കണ്ണമ്മൂല പാലംവരെ ഉള്ളൂർ തോടിന്റെ പുനരുദ്ധാരണം.

19. കരമനയാറിന്റെ വെള്ളപ്പൊക്കനിവാരണവും സൗന്ദര്യ വൽക്കരണവും ഇതിനായി ഈ വർഷം 28,40,00,000/– രൂപ വകയിരുത്തിയിട്ടുണ്ട്. തലസ്ഥാന റോഡുകളിലൂടെയുള്ള വാഹനത്തിരക്ക് കുറയ്ക്കാനായി തിരുവനന്തപുരം നഗരത്തിലെ 49 കി.മീ. ദൂരം വരുന്ന 27 ലിങ്ക് റോഡുകൾ 8 കോടി രൂപ ചെലവിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയ തിനുപുറമെ 42 കി.മീ.

ദൂരം വരുന്ന 12 റോഡുകൾ ബി.ഒ.റ്റി അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. തലസ്ഥാന വികസനത്തിനായി ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി ഒരു പ്രത്യേക വകുപ്പുണ്ടാക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്.

2(27) <u>മൂന്നാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ</u>

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ വിഹിതം തീരുമാനിക്കുന്നതിന് മൂന്നാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച ശുപാർശകളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നു:

1. 2006–2007 മുതൽ 2010–2011 വരെ 12515 കോടി രൂപ. മുൻകൂട്ടി തയ്യാറാക്കുന്ന സമയവിവര പട്ടിക അനുസരിച്ച് പ്രാദേശിക സർക്കാരുകൾക്ക് കൈമാറേണ്ടതാണ്
2. മാർച്ച് മാസം 31–ാം തീയതി ഓരോ പ്രാദേശിക സർക്കാരിന്റെയും പേരിൽ പൊതുകണക്കിലുള്ള ബാക്കി തുക ആ സാമ്പത്തിക വർഷം വിതരണം ചെയ്ത പത്ത് ശതമാനത്തിൽ കൂടുതലാണെങ്കിൽ, അധികമായി വരുന്ന തുക പ്രാദേശിക സർക്കാരിന്റെ അടുത്ത വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും കുറവ് ചെയ്യേണ്ടതാണ്.
3. നികുതി–നികുതിയേതരനിരക്കുകൾ വർദ്ധിപ്പിക്കുമ്പോൾ എല്ലാവശങ്ങളും പരിഗണിക്കണം. വായ്പ എടുക്കുന്നതിന് ഒരു പരിധി ഏർപ്പെടുത്തണം വായ്പ തിരിച്ചടവിന് ഒരു സമയക്രമം ആവശ്യമാണ്;

4. പ്രാദേശിക സർക്കാരിന് കൈമാറ്റം ചെയ്തതും മാസപരിധിക്കുള്ളിൽ നൽകിയതുമായ തുക പൊതുകണക്കിൽ നിന്നും പിൻവലിക്കുന്നതിന് യാതൊരുവിധ ട്രഷറി നിയന്ത്രണങ്ങളും പാടില്ലാത്തതാണ്;

5. ഓരോ പ്രാദേശിക സർക്കാരിനും 4 ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ വീതം ഉണ്ടാകേണ്ടതാണ്;.

6. ഫണ്ടുകളുടെ വിനിയോഗത്തിലുണ്ടാകുന്ന കാല താമസം നിരുത്സാഹപ്പെടുത്താൻ വ്യക്തമായ വ്യവസ്ഥകൾ ഉണ്ടാകണം;

7. വികസന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ചെയ്യുന്നതിന് സംസ്ഥാന സർക്കാരും പ്രാദേശിക സർക്കാരുകളും പങ്കാളികളാകുന്ന ഒരു സാമ്പത്തിക ഘടന ഉണ്ടാകേണ്ട വിടവ് നികത്തൽ ഗ്രാന്റ് (Gap Grant) ആവശ്യമായ പ്രാദേശിക സർക്കാരുകൾക്ക് നൽകേണ്ടതാണ്;

9. പ്രാദേശിക സർക്കാരുകളുടെ സാമ്പത്തിക രൂപരേഖ കാലോചിതമായി പരിഷ്കരിക്കുന്നതിനും അവരുടെ വിഭവസാധ്യതയെക്കുറിച്ച് വിലയിരുത്തുന്നതിനും ഒരു സാമ്പത്തിക ഗവേഷണ ബോർഡ് (Board of Fiscal Research) രൂപീകരിക്കണം;

10. ക്ഷേമപെൻഷനുകളുടെ വിതരണ ജോലി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്ക് കൈമാറാം;

11. പ്രാദേശിക സർക്കാരുകളുടെ ശുപാർശ പ്രകാരമേ അവരെ പ്രതികൂലമായി ബാധിക്കുന്ന തരത്തിലുള്ള നികുതി ഒഴിവാക്കൽ/കുറയ്ക്കൽ എന്നിവയെ സംബന്ധിച്ചുള്ള ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കാവൂ.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയേതര ചെലവുകളിൽ വരുന്ന കമ്മി നികത്താൻ പ്രത്യേക ഗ്രാന്റ് നൽകണമെന്നും സാമ്പത്തിക സ്വാതന്ത്ര്യം നൽകണമെന്നും കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനായി കംപ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ് സമ്പ്രദായം വികസിപ്പിച്ചെടുക്കുന്നതിനും ഇത് കൈകാര്യം ചെയ്യുന്നതിന് പ്രാദേശിക സർക്കാരുകളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനും ഊന്നൽ നൽകുന്നതും ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തദ്ദേശഭരണ വകുപ്പ് വിശദാംശങ്ങൾ തയ്യാറാക്കുന്നതുമാണ്.

3(28) <u>2005–2006 ലെ വാർഷിക പദ്ധതിയുടെ അടങ്കൽ തുക</u>

സംസ്ഥാനത്തിന്റെ വാർഷിക പദ്ധതിയുടെ 2005–06 ലെ അടങ്കൽ തുക 5369.81 കോടി രൂപയാണ്. (റിവൈസ്ഡ് എസ്റ്റിമേറ്റ് 5357.17 കോടി രൂപ). ഇതിൽ 3911.07 കോടി രൂപയാണ് 31–3–2006 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് ചെലവായത്.

4(29) <u>സംസ്ഥാനത്തിന്റെ പൊതു കടം</u>

2005–06–ലെ അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുൾ പ്പെടെ 31.3.2006 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 45,637 കോടി രൂപയാണ്. താൽക്കാലിക കണക്കനുസരിച്ച് 2001–02 മുതൽ 2005–06 വരെ പൊതുകടത്തിലുണ്ടായ വർദ്ധനവ് 21,718 കോടി രൂപയാണ്.

5(35 & 36 ) <u>എം.ജി.പി.ക്കുവേണ്ടി സർക്കാർ ചെലവഴിച്ച തുക</u>

എം.ജി.പി.ക്കുവേണ്ടി സർക്കാർ ഇതുവരെ 511,87,02,242/– രൂപ ചെലവാക്കി. ഭക്ഷ്യ–സിവിൽ സപ്ളൈസ്, വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായ–വാണിജ്യം, വിവരസാങ്കേതികം, തൊഴിൽ, തദ്ദേശ സ്വയംഭരണം, ഭരണ പരിഷ്ക്കാരം, സ്റ്റോർ പർച്ചേസ്, പൊതുഭരണം, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ്, ആസൂത്രണം, സാമൂഹ്യക്ഷേമം, ഗതാഗതം, ജലവിഭവം, ധനം, റവന്യൂ, രജിസ്ട്രേഷൻ, ആഭ്യന്തരം എന്നീ വകുപ്പുകളാണ് ഭരണ നവീകരണ പദ്ധതി നടപ്പിലാക്കുന്നത്. ഇതിലെ പ്രധാന ഇനമായ സേവന പ്രദാന പദ്ധതി പ്രവർത്തനങ്ങളാണ് ജില്ലകളിൽ നടക്കുന്നത്.തദ്ദേശസ്വയംഭരണം, റവന്യൂ, രജിസ്ട്രേഷൻ, സാമൂഹ്യക്ഷേമം, പോലീസ്, ഭക്ഷ്യ–സിവിൽ സപ്ളൈസ്, വിദ്യാഭ്യാസം, ആരോഗ്യം എന്നീ വകുപ്പുകളിലെ 22 ഇനം സ്ഥാപനങ്ങളിൽ നിന്ന് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് 2587 സ്ഥാപനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനവും സേവന നിലവാരവും മെച്ചപ്പെടുത്താനാവശ്യമായ അടിസ്ഥാന വികസനം, ഉപകരണങ്ങളും മറ്റും വാങ്ങൽ, ജീവനക്കാരുടെ പരിശീലനം എന്നിവയാണ് 14 ജില്ലകളിലും

നടന്നുവരുന്നത്. ഈ സ്ഥാപനങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 46 സ്ഥാപനങ്ങളെ വീതം ജനസേവനത്തിന്റെ ഉദാത്ത മാതൃകകളാക്കാനുള്ള 'സേവനമുദ്ര' പദ്ധതിയും 'ക്വാളിറ്റി സർക്കിൾ' പ്രവർത്തനവും ജില്ലകളിൽ നടക്കുന്നുണ്ട്. ഈ പദ്ധതിക്കുവേണ്ടി എ.ഡി.ബി.യിൽനിന്നും കേന്ദ്ര സർക്കാർ വഴി സാമ്പത്തിക പരിഷ്കരണത്തിനും ഭരണ നവീകരണത്തിനുമായി ലഭിച്ച 1148.50 കോടി രൂപ ലഭിച്ചിട്ടുണ്ട്. 70 ശതമാനം വായ്പകളും 30 ശതമാനം ഗ്രാന്റും എന്ന രീതിയിൽ അഡീഷണൽ അധിക പദ്ധതി വിഹിതമായാണ് ഈ തുക ലഭിച്ചിട്ടുള്ളത്.

6(49& 51) <u>ടെക്നോപാർക്കിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ</u>

തിരുവനന്തപുരം ടെക്നോപാർക്കിൽ മൊത്തം 92 കമ്പനി കളിലായി 12,556 പേർ ജോലി ചെയ്യുന്നുണ്ട്. വിവര സാങ്കേതിക വിദ്യാധിഷ്ഠിത വ്യവസായങ്ങൾക്കായി പുതിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള ഐ.ടി. പാർക്കുകളിൽ, തിരുവനന്തപുരത്തുള്ള ടെക്നോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി 86 ഏക്കർ ഭൂമി ഏറ്റെടുത്തു. ഇതിനെ പ്രത്യേക സാമ്പത്തിക മേഖലയാക്കി പ്രമുഖ കമ്പനികളായ Infosys –നും US Software – നും നൽകിക്കഴിഞ്ഞു. ടെക്നോപാർക്കിനുള്ളിൽ 31 ഏക്കർ ഭൂമിയെ പ്രത്യേക സാമ്പത്തിക മേഖലയാക്കി TCS,IBS എന്നീ പ്രമുഖ കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. 6 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നിർമ്മാണം ഈ വർഷം അവസാനത്തോടെ പൂർത്തിയാക്കും. ടെക്നോപാർക്കിന്റെ മൂന്നാം ഘട്ട വികസനത്തിനായി 100 ഏക്കർ ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചു വരുന്നു.

ഈ ഭൂമി ഏറ്റെടുത്ത് പ്രമുഖ ഐ.ടി. കമ്പനികൾക്കായി നൽകാൻ ഉദ്ദേശിക്കുന്നു. വെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. കൊച്ചിയിലെ ഇൻഫോപാർക്കിനെ എയർപോർട്ടും സീ–പോർട്ടുമായി ബന്ധിപ്പിക്കുന്ന നാലുവരി പാതയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. ഇൻഫോപാർക്കിൽ വിവിധ വിവര സാങ്കേതിക വ്യവസായ സ്ഥാപനങ്ങൾക്ക് ഏകദേശം 16.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ നിർമ്മിച്ച് വരുകയാണ്. 2004–2005, 2005–2006 എന്നീ വർഷങ്ങളിൽ യഥാക്രമം 40 കോടി രൂപയും, 23 കോടി രൂപയും വകയിരുത്തിയത് പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

7(52) <u>ഡയമണ്ട് പ്രോജക്ട്</u>

കേന്ദ്ര–സംസ്ഥാന സംരംഭമായ 'ഡയമണ്ട് പ്രോജക്ട്' അഥവാ സ്റ്റേറ്റ് ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ 2005 മേയ് 9–ന് കമ്മീഷൻ ചെയ്തു. ഈ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരത്ത് ഗവണ്മെന്റ് ഡേറ്റാസെന്ററും, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ നെറ്റ് വർക്ക് ഓപ്പറേറ്റിംഗ് സെന്ററുകളും ആരംഭിച്ചു കഴിഞ്ഞു. ഇതിന്റെ ഭാഗമായി എല്ലാ ജില്ലാ കേന്ദ്രങ്ങളെയും സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള പ്രധാന സർക്കാർ ഓഫീസുകളെയും ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഈ പ്രോജക്ടിന്റെ അനന്തര ഘട്ടമായ ജില്ലാ–ബ്ളോക്ക്–പഞ്ചായത്തുതല കമ്പ്യൂട്ടർ ശൃംഖല, State WAN പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഇതിലേയ്ക്കായി 78.70 കോടി രൂപയുടെ (5 വർഷത്തേയ്ക്കുള്ളത്) പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ

ആദ്യഗഡുവായി 22.96 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി BOOT (Build Own Operate & Transfer) അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. REP (Request For Proposal) പ്രകാരം BOOT അടിസ്ഥാനത്തിൽ പദ്ധതി നടപ്പാ ക്കുന്നതിന് M/s. United Telecom Ltd. Bangalore എന്ന ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

8(82) <u>വിസാ തട്ടിപ്പ്</u>

കേരളത്തിൽ അനധികൃത വിസാ തട്ടിപ്പ് നടത്തിയതിന്റെ പേരിൽ 2006–ൽ രജിസ്റ്റർ ചെയ്ത 106 കേസ്സുകളിലായി 41 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

9(126) <u>ക്ഷീര കർഷക ക്ഷേമനിധി</u>

ക്ഷീരവികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷീരകർഷക ക്ഷേമനിധിയിൽ 30–4–2006 വരെ അംഗങ്ങളായ 120610 ക്ഷീര കർഷകരിൽ 11788 പേർക്ക് (31–05–2006 വരെ) പെൻഷൻ അനുവദി ച്ചിട്ടുണ്ട്. 31–5–2006 വരെ അംശദായ ഇനത്തിൽ 211,92,165/– രൂപ ലഭിച്ചിട്ടുണ്ട്